compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ

GOVERNMENT OF KERALA

# കേരള ഗസറ്റ്

# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2026 സെപ്റ്റംബർ 08

**Tuesday, 08th September 2026**

1202 ചിങ്ങം 23

**23rd Chingam 1202**

1948 ഭാദ്രം 17

**17th Bhadra 1948**

വാല്യം 15

**Vol. XV**

നമ്പർ / **No.** **36**

## Part III

## Survey and Land Records

©

കേരള സർക്കാർ

GOVERNMENT OF KERALA

2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# അറിയിപ്പ്

**ADKLM/289/2026-D1** **02-09-2026**

**2026 സെപ്തംബർ 1ാം തീയതിയിലെ 35ാം നമ്പർ കേരള ഗസറ്റ് (വാല്യം XV) സർവെ ആന്റ് ലാൻഡ് റിക്കോർഡ്സ് വിഭാഗത്തിൽ 358ാം നമ്പർ പേജിൽ പരസ്യപ്പെടുത്തിയ നോട്ടീസ് റദ്ദാക്കിയിരിക്കുന്നു.**

**(ഒപ്പ്)**

**അസിസ്റ്റന്റ് ഡയറക്ടർ**

**റീസർവെ , കൊല്ലം**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**1961 ലെ കേരള സർവെയും അതിരടയാളവും ആക്റ്റ് 9(2) പ്രകാരം പരസ്യപ്പെടുത്തുന്ന നോട്ടീസ്**

**ഡി1 259/21** **തീയതി: 07.09.2026**

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ കോയിപ്രം വില്ലേജിൽ ഉൾപ്പെട്ടുവരുന്ന പ്രദേശങ്ങളിലെ ഡിജിറ്റൽ സർവെ കേരള സർവെയും അതിരടയാളവും ആക്റ്റ് 9(2) പ്രകാരം പൂർത്തിയായിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയിട്ടുള്ള സർവെ റിക്കാർഡുകൾ "എന്റെ ഭൂമി " പോർട്ടലിലും കോയിപ്രം വില്ലേജ് ഓഫിസിലും, പത്തനംതിട്ട റിസർവെ നം-2 സൂപ്രണ്ടാഫീസിലും പ്രദർശ്ശിപ്പിച്ചിട്ടുണ്ട്. ഭൂ ഉടമസ്ഥർക്ക് httpts://entebhoomi.kerala.gov.in പോർട്ടൽ സന്ദർശിച്ച് തങ്ങളുടെ ഭൂമിയുടെ രേഖകൾ ഓൺലൈനായി പരിശോധിക്കാവുന്നതാണ് കൂടാതെ വില്ലേജ് ഓഫീസിലും, പത്തനംതിട്ട റിസർവെ നം-2 സൂപ്രണ്ടാഫീസിലും സജ്ജീകരിച്ചിട്ടുള്ള സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ റിക്കാർഡുകൾ പരിശോധിക്കാവുന്നതാണ്. പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള റിക്കാർഡുകളിൽമേൽ പരാതിയുണ്ടെങ്കിൽ, ആയത് ഈ പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം റിസർവെ നം 2 സൂപ്രണ്ടിന് ഫോറം നമ്പർ 160- ൽ നേരിട്ടോ, "എന്റെ ഭൂമി പോർട്ടൽ" മുഖേന ഓൺലൈനായോ അപ്പീൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനകം അപ്പീൽ സമർപ്പിക്കാത്തപക്ഷം റീ സർവെ റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂഉടമസ്ഥരുടെ പേരുവിവരം, അതിരുകൾ, വിസ്തീർണ്ണം എന്നിവ കുറ്റമറ്റതായി പ്രഖ്യാപിച്ച് സർവെ അതിരടയാള നിയമം 13 വകുപ്പ് അനുസരിച്ചുള്ള ഫൈനൽ നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തി റിക്കാർഡുകൾ അന്തിമമാക്കുന്നതാണ്. സർവെ സമയത്ത് തർക്കം ഉന്നയിച്ച സർവെ അതിരടയാള നിയമ 10ാം വകുപ്പ്, 2ാം ഉപവകുപ്പ് പ്രകാരം തീരുമാനം അറിയിച്ചിട്ടുള്ള ഭൂഉടമസ്ഥർക്ക് ഈ അറിയിപ്പ് ബാധകമായിരിക്കുന്നതല്ല.

| വില്ലേജിന്റെ പേര് | നിലവിലെ സർവെ നമ്പർ | ഡിജിറ്റൽ സർവെ ബ്ലോക്ക് നമ്പർ | റിക്കാർഡുകൾ പരിശോധനക്കായി വച്ചിരിക്കുന്ന ഓഫിസുകൾ |
|---|---|---|---|
| കോയിപ്രം | ബ്ലോക്ക് നമ്പർ.21 സർവെ നം.1 മുതൽ 502 വരെ<br><br>ബ്ലോക്ക് നമ്പർ.22 സർവെ നം.1 മുതൽ 497വരെ | 1 മുതൽ 153വരെ | കോയിപ്രം വില്ലേജ് ആഫീസ്, പത്തനംതിട്ട റിസർവെ നം-2 സൂപ്രണ്ടാഫീസ് |

(ഒപ്പ്)
പ്രീതാംബിക എസ്
ഹെഡ്സർവെയർ
കോയിപ്രം വില്ലേജ്
സബ്സെക്ഷൻ നം -2
റീസർവെ സൂപ്രണ്ടാഫീസ്-2
പത്തനംതിട്ട

NB: "**എന്റെ ഭൂമി പോർട്ടലിൽ ഭൂവിവരങ്ങൾ പരിശോധിക്കുന്നവിധം**-
"എന്റെ ഭൂമി" പോർട്ടലിൽ (httpts://entebhoomi.kerala.gov.in) ഭൂഉടമകളുടെ ഫോൺ നമ്പർ ഉപയോഗിച്ച് യൂസർ രജിസ്റ്റർ ചെയ്യാവുന്നതും, തുടർന്ന് ലഭ്യമാകുന്ന യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം തങ്ങളുടെ ഭൂവിവരങ്ങൾ പരിശോധിക്കാവുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കേരള സർവെ അതിരടയാള ആക്ട്-1961**

**13ാം വകുപ്പ് പ്രകാരമുള്ള പരസ്യം**

**ADTSR/4/2026-C2** **08/09/2026**

1. തൃശ്ശൂർ ജില്ല ചാവക്കാട് താലൂക്കിലെ മണത്തല വില്ലേജിന്റെ താഴെ പറയുന്ന പ്രദേശങ്ങളിൽ സർവെ പൂർത്തിയായതായി 1961 ലെ കേരള സർവെ അതിരടയാള ആക്ടിലെ (1961 ലെ 37- ാമത് ആക്ട്) വകുപ്പ് 13 പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.
2. പ്രസ്തുത ആക്ടിലെ 14-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഒരു സിവിൽ കോടതിയുടെ ഡിക്രി മൂലം ഇതിനാൽ പരസ്യം ചെയ്യുന്ന സർവെ റിക്കാർഡുകൾ ഭേദഗതി ചെയ്യപ്പെടുന്നില്ലെങ്കിൽ ഈ സർവെ റിക്കാർഡ് അതിൽ നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള അതിരുകൾ ശരിയായി നിർണ്ണയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നതിന്റെ തർക്കമറ്റ തെളിവായിരിക്കുന്നതാണ്.

**പ്രദേശത്തിന്റെ വിവരങ്ങൾ**

ജില്ല : തൃശ്ശൂർ

താലൂക്ക് : ചാവക്കാട് വില്ലേജ് : മണത്തല

വില്ലേജ് നമ്പർ : 92 സർവെ നമ്പർ : 361

(ഒപ്പ്)

അസിസ്റ്റന്റ് ഡയറക്ടർ
അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം
സർവെ ലാൻഡ് റെക്കോർഡ്സ് (റെയ്ഞ്ച്), തൃശ്ശൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.08 04:25:26 +05:30